# വിശ്വാസ ദൃഢത (യഖീൻ) നേടാനുള്ള മാർഗങ്ങൾ.


ജോഹന്നാസ് ക്ലോമങ്ക്

( അബ്ദുല്ലാഹ് അസ്സുവൈദി )

വിവർത്തനം :

സാജിദ് ബിൻ ശരീഫ്

وَفَّقَهُ اللّٰه





بَصَائِرُ

قناة سلفية للعلوم الشرعية

# വിശ്വാസ ദൃഢത (യഖീൻ) നേടാനുള്ള മാർഗങ്ങൾ.

ജോഹന്നാസ് ക്ലോമങ്ക്
( അബ്ദുല്ലാഹ് അസ്സുവൈദി )

“ (നിരീശ്വരവാദിയായിരുന്ന ലേഖകൻ ഇസ്ലാം സ്വീകരിച്ചതിനു ശേഷം മദീനയിലെ ജാമിഅഃ ഇസ്ലാമിയ്യയിൽ പഠിച്ചു. ഇപ്പോൾ അവിടെ ഡോക്ടറേറ്റ് ഗവേഷകനാണ്.) ”

വിവർത്തനം :
സാജിദ് ബിൻ ശരീഫ്
وَفَّقَهُ اللّٰه

**അല്ലാഹു ﷻ പറയുന്നു:**

“എന്റെ റബ്ബേ! മരണപ്പെട്ടവരെ നീ എങ്ങനെ ജീവിപ്പിക്കുന്നുവെന്ന് എനിക്ക് നീ കാണിച്ചുതരേണമേ എന്ന് ഇബ്രാഹീം പറഞ്ഞ സന്ദർഭവും ( ശ്രദ്ധേയമാകുന്നു ). അല്ലാഹു ചോദിച്ചു: നീ വിശ്വസിച്ചിട്ടില്ലേ?
**ഇബ്രാഹീം പറഞ്ഞു: അതെ. പക്ഷെ, എന്റെ മനസ്സിന് സമാധാനം ലഭിക്കാൻ വേണ്ടിയാകുന്നു.** ”

(സൂറത്തുൽ ബഖറ – 260)

അല്ലാഹുവിന്റെ നബിയും റസൂലും, ഖലീലും (പ്രിയങ്കരൻ) ആയ, പ്രവാചകന്മാരുടെ പിതാവ് എന്നറിയപ്പെടുന്ന ഇബ്റാഹീം عليه السلام ആണ് ഇവിടെ കണ്ണു കൊണ്ട് കാണാവുന്ന ഒരു ദൃഷ്ടാന്തം കാണിച്ചുതരാൻ അല്ലാഹുവിനോട് തേടുന്നത്. എന്തിനു വേണ്ടിയാണിത്? ഈമാൻ കൊണ്ടും വിശ്വാസ ദൃഢത കൊണ്ടും തന്റെ മനസ്സിന് ഉറപ്പും സമാധാനവും ലഭിക്കാൻ വേണ്ടി! അദ്ദേഹം അങ്ങനെ ചോദിച്ചുവെങ്കിൽ വിശ്വാസകാര്യങ്ങളിൽ സംശയം ജനിപ്പിക്കുന്ന, ദുഷിച്ച വാദങ്ങളും മനസ്സിനെ മലിനമാക്കുന്ന തോന്നിവാസങ്ങളും ഏറെ പ്രചരിച്ചിട്ടുള്ള ഇക്കാലത്ത് ജീവിക്കുന്ന നമ്മുടെ അവസ്ഥയെന്താണ്?! ഇത്തരം മലീമസമായ പരിസരത്തിൽ ദീനിൽ ഉറച്ചു നിൽക്കാൻ അനിവാര്യമായ യഖീൻ നേടാൻ നമ്മൾ എത്രമാത്രം ആവശ്യക്കാരാണ്.

നമുക്കെല്ലാം ഇത് – **യഖീൻ**– നേടൽ ആവശ്യമാണ്. പ്രത്യേകിച്ച് നമ്മുടെ യുവാക്കൾക്ക്. കാരണം ,വളർന്നു വരുന്ന തലമുറ അവരുടെ മാതാപിതാക്കൾ ഒരിക്കലും ചിന്തിച്ചിട്ടുപോലുമില്ലാത്ത പലതും സാമൂഹ്യമാധ്യമങ്ങൾ വഴി കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. എല്ലാ പ്രത്യയശാസ്ത്രങ്ങളുടെയും, കക്ഷികളുടെയും, വാദഗതികളുടേയും ആളുകൾ അവരവരുടെ വാദങ്ങൾ പ്രചരിപ്പിക്കുന്ന എഴുത്തുകളും വീഡിയോകളും മറ്റു ആശയവിനിമയ ഉപാധികളും സമൃദ്ധമായി ഉത്പാദിപ്പിക്കുകയും, ഇന്റെർനെറ്റിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. വഴികേടിന്റെ പ്രബോധകന്മാർ കുഫ്റിലേക്കും സംശയരോഗത്തിലേക്കും ആവേശത്തോടെ ക്ഷണിക്കുമ്പോൾ സത്യമതത്തിൻറെ പ്രബോധകർ അതിനേക്കാൾ ആവേശത്തിൽ **ഈമാനിലേക്കും യഖീനിലേക്കും** യുവാക്കൾക്ക് വഴികാണിക്കേണ്ടതുണ്ട്.

ഈമാൻ ഉറപ്പിക്കാനും യഖീൻ നേടാനും ധാരാളം മാർഗങ്ങളുണ്ട്. അത്തരം മാർഗങ്ങളെക്കുറിച്ച് കൂടുതലറിയാൻ **ശൈഖ് അബ്ദുർറസ്സാഖ് അൽ ബദ്ർ** حفظه الله രചിച്ച '**ഈമാനിൻറെ വർദ്ധനവും ശോഷണവും**' എന്ന കൃതി വായിക്കാവുന്നതാണ്. ഈ ലേഖനത്തിൽ അത്തരം മാർഗങ്ങളിൽ പെട്ട നാലെണ്ണം മാത്രം പരാമർശിക്കുകയാണ്.

## ( ഒന്ന് ) : ഉപകാരപ്രദമായ അറിവ്.

ഇതാണ് എല്ലാ നന്മയുടെയും അടിസ്ഥാനം. എന്താണ് ഉപകാരപ്രദമായ അറിവ് എന്നത് കൊണ്ട് അർത്ഥമാക്കുന്നത്? ഒരു അടിമയെ തൻറെ സ്രഷ്ടാവിലേക്ക് അടുപ്പിക്കുന്ന എല്ലാ ഇൽമും ഉപകാരപ്രദമായ അറിവാണ്. എന്നാൽ, ഈമാൻ കൂട്ടുകയും, യഖീൻ നേടിത്തരുകയും ചെയ്യുന്ന കാര്യത്തിൽ കൂടുതൽ ഫലവത്തായ ചില വിജ്ഞാന ശാഖകളുണ്ട്. അതിൽ പെട്ടതാണ് :

**01** അല്ലാഹുവിന്റെ അസ്തിത്വത്തിന്റെയും ഏകത്വത്തിന്റെയും തെളിവുകളെക്കുറിച്ചുള്ള പഠനം. വിശുദ്ധ ഖുർആനിൽ സ്രഷ്ടാവിന്റെ അസ്തിത്വത്തിനുള്ള ധാരാളം തെളിവുകൾ വിശദീകരിച്ചത് കാണാൻ സാധിക്കും. അല്ലാഹുവിന്റെ സൃഷ്ടിവൈഭവം, സൃഷ്ടികളിൽ കാണുന്ന നൈസർഗിക മാർഗദർശനം തുടങ്ങിയ ധാരാളം തെളിവുകൾ. അത്തരം തെളിവുകളെക്കുറിച്ചുള്ള വിശദമായ പഠനം യഖീൻ ഉണ്ടാക്കും എന്നതിൽ സംശയമില്ല.

**02** അതുപോലെ തന്നെ വിശ്വാസിയുടെ വിശ്വാസദൃഢത വർദ്ധിപ്പികുന്ന മറ്റൊരു വിജ്ഞാനമാണ് 'പ്രവാചകത്വത്തിന്റെ തെളിവുകൾ'. നമ്മുടെ **നബിയായ മുഹമ്മദ്** ﷺ യുടെ പ്രവാചകത്വത്തിന് ധാരാളം തെളിവുകളുണ്ട്.
**ഇമാം ബൈഹഖിയെ** പോലെയുള്ള പല പണ്ഡിതന്മാരും അത്തരം തെളിവുകളെക്കുറിച്ച് പ്രത്യേകം ഗ്രന്ഥങ്ങൾ തന്നെ രചിച്ചിട്ടുണ്ട്. അതിൽ പല ഗ്രന്ഥങ്ങളും നിരവധി വാള്യങ്ങളുണ്ട്.

**03** പ്രവാചകരുടെ ജീവചരിത്രത്തെക്കുറിച്ചുള്ള പഠനം. **ഇമാം ഇബ്നുൽ ഖയ്യിം** رَحِمَهُ ٱللَّٰهُ പറയുന്നു: '**നബി** ﷺ **യുടെ സ്വഭാവഗുണങ്ങളും പരിപൂർണതയും പഠിച്ചു മനസ്സിലാക്കി സന്മാർഗം സ്വീകരിക്കുന്ന ആളുകളുണ്ട്**'

(മിഫ്താഹു ദാരിസ്സആദ 2 : 12)

**04** യഖീൻ നേടിത്തരുന്ന മറ്റൊരു ഇൽമാണ് ഇസ്‌ലാമിക ശരീഅത്തിന്റെ പരിപൂർണതയെയും മനോഹാരിതയെയും സംബന്ധിച്ച പഠനങ്ങൾ. ഇസ്‌ലാമിന്റെ ഓരോ വശവും അതിമനോഹരമാണ്. എണ്ണിക്കണക്കാക്കാൻ സാധിക്കാത്തത്ര മഹത്വങ്ങൾ ഇസ്ലാമിനുണ്ട്. ഇസ്ലാമിന്റെ വിശ്വാസകാര്യങ്ങളെടുക്കുക. അത്, ശുദ്ധപ്രകൃതിയോടും വക്രതയില്ലാത്ത സൽബുദ്ധിയോടും യോജിക്കുന്നതാണ്.

**നിസ്കാരം, നോമ്പ്, സകാത്, ഹജ്ജ്** തുടങ്ങിയ അനുഷ്ഠാനങ്ങളെടുത്തു നോക്കിയാലും, അവയൊക്കെ അതിവിശിഷ്ടമായ പ്രത്യേകതകളുള്ള കർമങ്ങളാണെന്നത് സുവ്യക്തമാണ്.

അതുപോലെതന്നെ സാമ്പത്തിക മേഖലയിലെ ഇസ്ലാമിക നിയമങ്ങൾ. ഇസ്ലാം നിയമാനുസൃതമായ മാർഗങ്ങളിലൂടെ സമ്പാദിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും, അന്യരെ ആശ്രയിച്ചു ജീവിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു.

അതോടൊപ്പം, മറ്റുള്ളവരെ ചൂഷണം ചെയ്യുന്ന പലിശയും ചതി നിറഞ്ഞ ഇടപാടുകളും ഇസ്ലാം കർശനമായി വിലക്കുകയും ചെയ്തിരിക്കുന്നു.
ഇനി സ്വഭാവമര്യാദകളുടെ കാര്യമെടുത്താലോ, ഇതാ **ഇമാം ബുഖാരി** رَحِمَهُ ٱللَّٰهُ ഇവ്വിഷയകമായി രചിച്ചിട്ടുള്ള **'അദബുൽ മുഫ്റദ്'** എന്ന ഒറ്റ ഗ്രന്ഥത്തിൽ തന്നെ ആയിരത്തിൽ പരം ഹദീസുകളുണ്ട്. ഇതു തന്നെ സ്വഭാവ-മര്യാദകൾക്ക് ഇസ്ലാം എന്തുമാത്രം പ്രാധാന്യം നൽകിയിട്ടുണ്ട് എന്നത് വ്യക്തമാക്കുന്നുണ്ട്.

## ( രണ്ട് ) : അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ചുള്ള ആലോചന.

ധാരാളം ആയത്തുകളിൽ അല്ലാഹു അവന്റെ സൃഷ്ടികളെക്കുറിച്ച് ചിന്തിക്കാൻ കല്പിച്ചിട്ടുണ്ട്. ഈ സൃഷ്ടികൾ അവയുടെ സ്രഷ്ടാവിന്റെ കഴിവിനും മഹത്വത്തിനും അറിവിനുമെല്ലാമുള്ള തെളിവുകളാണ്.

**ഇമാം ഉഥ്മാൻ ഇബ്നു മർസൂഖ് അൽ ഖുറശി رحمه الله പറയുന്നു:**

**"ഉറുമ്പ് മുതൽ അർശ് വരെയുള്ള സൃഷ്ടികൾ മുഴുവനും അവനെ അറിയാനുള്ള മാർഗങ്ങളാകുന്നു. അവന്റെ അനാദിത്വത്തിന്റെ ഖണ്ഡിതമായ തെളിവുകൾ! പ്രപഞ്ചം മുഴുവൻ, സ്രഷ്ടാവിൻറെ ഏകത്വം വിളിച്ചുപറയുന്ന നാവുകളാകുന്നു. ലോകം മുഴുവൻ തുറന്നുവെച്ച ഒരു പുസ്തകമാകുന്നു. ഉൾക്കാഴ്ചയുടെ അളവിനനുസരിച്ചാണ് ഓരോരുത്തരും ആ പുസ്തകം വായിക്കുന്നതെന്നു മാത്രം."**

(ദൈലു ത്വബഖാത്തിൽ ഹനാബില 1:207)

നമ്മുടെ കണ്ണുകൾ എങ്ങോട്ടു തിരിഞ്ഞാലും എണ്ണിയാലൊടുങ്ങാത്ത ദൈവികദൃഷ്ടാന്തങ്ങളിലാണ് പതിക്കുന്നത്. എന്ന് മാത്രമല്ല, നമുക്ക് കാഴ്ച നൽകുന്ന ഈ കണ്ണുകൾ തന്നെ അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യത്തിന്റെ ഏറ്റവും വലിയ ഒരു ഉദാഹരണമല്ലേ? കൃത്യതയോടെ കൂട്ടിയിണക്കപ്പെട്ട ലക്ഷക്കണക്കിന് സൂക്ഷ്മഘടകങ്ങൾ ഈ ചെറിയ കണ്ണിലുണ്ട്.!

ഇത്തരം അത്ഭുത ദൃഷ്ടാന്തങ്ങളെക്കുറിച്ച് അൽപ സമയം ഇരുന്ന് ചിന്തിച്ചു നോക്കൂ. നിൻറെ ഈമാൻ കൂടുന്നത് നിനക്ക് അനുഭവിക്കാൻ സാധിക്കും.

**അബുദ്ദർദാ رضي الله عنه പറഞ്ഞു:**

“അൽപ സമയം (അല്ലാഹുവിനെക്കുറിച്ചും അവന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ചും) ചിന്തിക്കുന്നതാണ് ഒരു രാത്രി മുഴുവൻ നിസ്കരിക്കുന്നതിനേക്കാൾ നല്ലത്.”

(ഇമാം അഹ്മദിൻറെ അസ്സുഹ്ദ് – 750)

## ( മൂന്ന് ) : അല്ലാഹുവിൻറെയും അവൻറെ റസൂലിൻറെയും വിളിക്ക് ഉത്തരം ചെയ്യുക.

ഇസ്‌ലാം അറിവിന്റെയും അതനുസരിച്ചുള്ള പ്രവർത്തിയുടെയും മതമാണ്. മഹാനായ സ്വഹാബി

**ഇബ്നു മസ്ഊദ് رضي الله عنه പറഞ്ഞു:**

“നിങ്ങൾ പഠിക്കുക, വീണ്ടും പഠിക്കുക, പഠിച്ചു കഴിഞ്ഞാൽ നിങ്ങൾ അതനുസരിച്ച് പ്രവർത്തിക്കുക.”

(സുനനുദ്ദാരിമി 385)

സൽക്കർമങ്ങളാണ് അറിവിന്റെ ഫലം. ദീനിൽ ഉറച്ചു നിൽക്കാനും യഖീൻ നേടാനുമുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണവുമാണ് സൽക്കർമങ്ങൾ വർദ്ധിപ്പിക്കുക എന്നത്. അല്ലാഹുവിന്റെ വിളിക്കുത്തരം ചെയ്യുക എന്ന് പറഞ്ഞാൽ:

ഒന്നാമതായി, അല്ലാഹുവിന്റെ കല്പന അറിയുമ്പോൾ അത് മനസ്സു കൊണ്ട് തൃപ്തിപ്പെട്ട് സ്വീകരിക്കണം. തുടർന്ന്, ആ കല്പന അനുസരിക്കാനും പ്രവർത്തിയിൽ കൊണ്ടുവരാനും മനസ്സിൽ ഉറപ്പിക്കണം. അതിനുശേഷം ആ പ്രവർത്തി ഭംഗിയായി ചെയ്യാൻ ഉത്സാഹത്തോടെ തുനിഞ്ഞിരിക്കുകയും ചെയ്യണം. ഇതാണ് അല്ലാഹുവിന്റെ കല്പനക്ക് ഉത്തരം ചെയ്യുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നേരെ മറിച്ച്, അല്ലാഹുവിന്റെയും റസൂലിൻറെയും കല്പനകളോട് അലസതയും വിമുഖതയുമാണ് കാണിക്കുന്നതെങ്കിലോ, അത് ആ വ്യക്തിയുടെ വഴികേടിനു കാരണമാകാൻ സാധ്യതയുണ്ട്.

**അല്ലാഹുവിൻറെ ഈ വാക്കുകൾ ശ്രദ്ധിച്ചു വായിച്ചു നോക്കൂ**

“നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക.”

(സൂറത്തുൽ അൻഫാൽ 24).

ഈ ആയത്ത് വിശദീകരിച്ചുകൊണ്ട് **അല്ലാമഃ അബ്ദുർറഹ്മാൻ ബിൻ നാസിർ അസ്സഅദീ** رحمه الله **പറയുന്നു:**

“ഹൃദയത്തിനും ആത്മാവിനും ജീവൻ ലഭിക്കുക അല്ലാഹുവിനോടുള്ള ദാസ്യഭാവത്തിലൂടെയും, അവനെയും അവന്റെ റസൂലിനെയും സർവകാര്യങ്ങളിലും അനുസരിച്ചുകൊണ്ടും മാത്രമാണ്.”

**തുടർന്ന് അല്ലാഹു തആല പറയുന്നു:**

❝മനുഷ്യന്നും അവന്റെ മനസ്സിനും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും, അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞ് കൊള്ളുക.

**സഅദീ رَحِمَهُ ٱللَّهُ പറയുന്നു:**

❝അല്ലാഹുവിന്റെ ഒരു കല്പന ആദ്യമായി നിങ്ങൾ കേൾക്കുന്ന അവസരത്തിൽ അത് തള്ളിക്കളയുന്നതിനെ നിങ്ങൾ സൂക്ഷിക്കുക. അങ്ങനെ നിങ്ങൾ തള്ളിക്കളഞ്ഞാൽ പിന്നീട് ആ കല്പന അനുസരിക്കാൻ നിങ്ങൾ ഉദ്ദേശിച്ചാൽ പോലും നിങ്ങൾക്ക് അതിനു സാധിക്കാത്തവിധം നിങ്ങൾക്കും ആ പ്രവർത്തിക്കുമിടയിൽ മറയിടപ്പെട്ടേക്കും. അങ്ങനെ നിങ്ങളുടെ മനസ്സുകൾക്ക് മാറ്റം വരും. അല്ലാഹു മനുഷ്യന്റെയും അവന്റെ മനസ്സിനുമിടയിൽ മറയിടും. അവൻ മനസ്സുകളെ അവനുദ്ദേശിക്കുന്ന രൂപത്തിൽ മാറ്റിമറിക്കുന്നു.❞

(തഫ്സീറുസ്സഅദീ 228)

അല്ലാഹു അക്ബർ! എന്തുവലിയ ഒരു ദുരന്തമാണിത്.! ഹൃദയങ്ങൾ അല്ലാഹുവിന്റെ വിരലുകൾക്കിടയിലാണുള്ളത്, അവൻ ഉദ്ദേശിക്കുന്ന രൂപത്തിൽ അവൻ അവയെ മാറ്റിമറിക്കും എന്ന ബോധം നമുക്ക് അനിവാര്യമാണ്. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകൾ അവഗണിക്കുന്നത് നമ്മൾ അങ്ങേയറ്റം പേടിക്കേണ്ടതുണ്ട്.

## ( നാല് ) : പ്രാർത്ഥന.

മനുഷ്യൻ എത്രമാത്രം ശക്തനും പ്രതാപിയുമായിരുന്നാലും അവൻ ദുർബലനാണ്. അല്ലാഹുവിന്റെ ശക്തിയും കഴിവും അല്ലാഹു നമുക്ക് അനുകൂലമായി തിരിച്ചുവിട്ടാൽ മാത്രമാണ് നമുക്ക് എന്തിനും സാധിക്കുകയുള്ളൂ.

**ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്.**! നമ്മുടെ ഹൃദയങ്ങൾ സന്മാർഗത്തിൽ ഉറപ്പിച്ചുനിർത്താൻ നമ്മൾ വിചാരിച്ചതുകൊണ്ട് സാധിക്കുകയില്ല. മറിച്ച് ഹൃദയങ്ങളുടെ ഹിദായത്ത് അല്ലാഹുവിന്റെ കയ്യിലാണ്. അതിനാൽ ഓരോ നിമിഷവും അവന്റെ ഹിദായത്തിന് നാം ആവശ്യക്കാരാണ് എന്ന ബോധത്തോടെ, താഴ്മയോടെ അവനോട് യാചിക്കൽ നമുക്ക് നിർബന്ധമാണ്. 'ഒരു ഇമവെട്ടുന്ന നിമിഷനേരം പോലും എന്റെ കാര്യം നീ എന്നെത്തന്നെ ഏല്പിക്കരുതേ' എന്ന് കൈകളുയുയർത്തി അല്ലാഹുവിനോട് നാം മനസ്സിൽ തട്ടി ചോദിക്കേണ്ടതുണ്ട്. പേടിയോടെയും പ്രതീക്ഷയോടെയും **'ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ എന്റെ ഖൽബിനെ നിന്റെ ദീനിൽ തന്നെ ഉറപ്പിച്ചു നിർത്തണേ'** എന്ന് നാം പ്രാർത്ഥിക്കണം. ഫിത്നകൾ –ദേഹേച്ഛകളുടെയും, ആശയക്കുഴപ്പങ്ങളുടേയും രൂപത്തിൽ– നമ്മെ ചുറ്റിപ്പൊതിഞ്ഞിട്ടുണ്ട്! അല്ലാഹു രക്ഷപ്പെടുത്തിയവനല്ലാതെ ഒരു രക്ഷയുമില്ല!

സഹോദരീ സഹോദരങ്ങളേ , നമ്മുടെ ഈമാൻ ബലപ്പെടുത്തി യഖീൻ നേടാനുള്ള ഈ നാലു മാർഗങ്ങളെക്കുറിച്ച് നമുക്ക് ആത്മാർഥമായി ചിന്തിക്കാം. ആദ്യം സ്വന്തം ഈമാൻ നമുക്ക് ഉറപ്പിക്കാം. പിന്നീട് മറ്റുള്ളവരെ ഈ മാർഗത്തിലേക്ക് ക്ഷണിക്കാം. പ്രത്യേകിച്ച് നമ്മുടെ യുവാക്കളെ. പിശാചുക്കൾ അവരെ വഴികേടിലേക്ക് ക്ഷണിക്കാൻ ആവേശത്തോടെ അധ്വാനിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് തൗഹീദിന്റെ പ്രബോധകരേ, ഹഖിലേക്കും ഈമാനിലേക്കും യാഖീനിലേക്കുമുള്ള പ്രബോധനത്തിൽ വീഴ്ചവന്നുകൂടാ.